**കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**കന്നുകാലി ഗവേഷണകേന്ദ്രം, തിരുവാഴാംകുന്ന്**
**തിരുവാഴാംകുന്ന് (പി.ഒ), പാലക്കാട് – 678 601 കേരള**
Email: lrst@kvasu.ac.in, ഫോൺ : 04924 296562

**നമ്പർ: എൽ 5-1374/2024** **തീയതി: 10/03/2026**

# പൊതുലേലം നോട്ടീസ്

തിരുവിഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ നിന്നും **13 മലബാറി ആൺ ആടുകൾ, 12 അട്ടപ്പാടി ആൺ ആടുകൾ** (3 മാസം മുതൽ 16 മാസം വരെ പ്രായമായവ) എന്നിവയെ പൊതുലേലം ചെയ്ത് വില്പന നടത്തുവാൻ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിന് പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

| | | |
|---|---|---|
| നിരതദ്രവ്യം | : | **5000/-** |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി / സമയം | : | **17/03/2026 - 10.45 AM** |
| പരസ്യ ലേലം നടത്തുന്ന തിയ്യതി/സമയം | : | **17/03/2026 - 11.00 AM** |
| ക്വട്ടേഷൻ തുറക്കുന്ന തിയ്യതി/സമയം | : | പരസ്യ ലേലത്തിനു ശേഷം |

**നിബന്ധനകൾ :-**

1. വെള്ളക്കടലാസിൽ ആട്ടിൻ കുട്ടികൾ/ആടുകളുടെ നമ്പർ, വില (അക്കത്തിലും അക്ഷരത്തിലും) എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു മുകളിൽ **"ആടുകളുടെ ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം പണമായി കെട്ടിവെക്കേണ്ടതാണ്.
3. പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്. **പരസ്യലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 17/03/2026 -ന് രാവിലെ 10.00 മണി മുതൽ 10.45 മണി വരെയുള്ള സമയത്തിനുള്ളിൽ** നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്.
4. നിരതദ്രവ്യം കെട്ടി വച്ചവരെ മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
5. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിക്കുന്നവർ ആയതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
6. വില്പനക്കുള്ള ആടുകളെ സീനിയർ ഫാം സൂപ്പർവൈസർ / ഫാം സൂപ്പർവൈസറുടെ അനുവാദത്തോടെ ഓഫീസ് സമയങ്ങളിൽ വന്നു കാണാവുന്നതാണ്.
7. നിശ്ചിത സമയത്തിനു ശേഷം ക്യാമ്പസിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല.
8. ലേലം/ക്വട്ടേഷൻ സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരിച്ചു നൽകുന്നതാണ്.

9. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി അന്നേ ദിവസം തന്നെ മുഴുവൻ തുകയും അടക്കേണ്ടതും ആടുകളെ സ്വന്തം ചെലവിൽ അന്നേ ദിവസം തന്നെ കൊണ്ടുപോകേണ്ടതുമാണ്. തുക ഓൺലൈൻ പെയ്മെന്റ് വഴി അടയ്ക്കുവാൻ സൗകര്യം ഉണ്ടായിരിക്കും.
10. പ്രസ്തുത ദിവസത്തിൽ തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർലേലം നടത്തുന്നതും കരാറുകാരൻ ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.
11. ആടുകളെ ഫാമിൽ നിന്ന് കൊണ്ടുപോകുന്നത് അംഗീകൃത വഴികളിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം.
12. ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.
13. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.
14. ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച ദിവസം അവധി ദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്.
15. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം/ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
16. ലേല സമയത്ത് ക്യാംപസിൽ തികഞ്ഞ അച്ചടക്കം പാലിക്കണം. അനാവശ്യ പ്രശ്നനങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ കൈക്കൊള്ളുന്നതും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായിരിക്കും.
17. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

S. Senthamarai
10/3/26

പ്രൊഫസർ & ഹെഡ്

പകർപ്പ് : വെബ്സൈറ്റ്
നോട്ടീസ് ബോർഡ് ഓഫീസ് / ഗേറ്റ് / ലോക്കൽ സർക്കുലേഷൻ
ഗ്രാമപഞ്ചായത്ത് ഓഫീസ് – കോട്ടോപ്പാടം / മണ്ണാർക്കാട് / അലനല്ലൂർ
വില്ലേജ് ഓഫീസ് – കോട്ടോപ്പാടം / കോട്ടോപ്പാടം -1 / അലനല്ലൂർ
മൃഗാശുപത്രി – മണ്ണാർക്കാട് / അലനല്ലൂർ
കൃഷിഭവൻ - കോട്ടോപ്പാടം / മണ്ണാർക്കാട്
അസിസ്റ്റന്റ് പ്രൊഫസർമാർ /എസ്.എഫ്.എസ് /ഫാം സൂപ്പർവൈസർ Gr I